II ഇ.ബി. XV- കേരള നിയമസഭ/XIII-4

# പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2025 ഫെബ്രുവരി 12, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

16(*91) ഹെലി ടൂറിസം നയം

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള യാത്രാസമയം കുറച്ച് ഭൂപ്രകൃതി ആസ്വദിക്കുന്നതിന് സഞ്ചാരികളെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന ഹെലി ടൂറിസം പദ്ധതിയുടെ പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ ഒരു ഹെലി ടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. റവന്യൂ, ഗതാഗതം, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, ആഭ്യന്തരം/പോലീസ് തുടങ്ങി വിവിധ

വകുപ്പുകളുടെ ഏകോപനത്തോടെ സന്നദ്ധ ഹെലിടൂറിസം സേവനദാതാക്കളുടെയും സ്വകാര്യ മേഖലയുടെയും പങ്കാളിത്തം ഉറപ്പുവരുത്തി വിവിധ ഘട്ടങ്ങളിലായി നടപ്പാക്കുന്ന ടി പദ്ധതിയുടെ ഫെസിലിറ്റേറ്ററായി സർക്കാർ പ്രവർത്തിക്കുന്നതും പദ്ധതിയുടെ ഭാഗമായി സഞ്ചാരികൾക്ക് ട്രിപ്പുകൾ തിരഞ്ഞെടുക്കാനും ബുക്ക് ചെയ്യുവാനുമുതകുന്നതരത്തിൽ ഒരു മൈക്രോസൈറ്റ് ഒരുക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ തുറമുഖങ്ങൾ കേന്ദ്രീകരിച്ച് ക്രൂയിസ് ടൂറിസം, ഡാമുകൾ കേന്ദ്രീകരിച്ച് സീപ്ലെയിൻ, സിനി ടൂറിസം, കാരവൻ ടൂറിസം, ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമായി സ്ട്രീറ്റ് പദ്ധതി, മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതി, സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി, അഗ്രി ടൂറിസം നെറ്റ്‌വർക്ക് തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി കൂടുതൽ വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, തിരുവനന്തപുരം മാനവീയം വീഥിയിൽ നൈറ്റ് ലൈഫ് പദ്ധതി നടപ്പിലാക്കുകയും കനകക്കുന്ന് കൊട്ടാര വളപ്പിൽ നൈറ്റ് ലൈഫ് ടൂറിസം പദ്ധതിക്കുള്ള അടിസ്ഥാന സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്. മലബാർ ലിറ്ററി സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി കോഴിക്കോട് വൈക്കം

മുഹമ്മദ് ബഷീർ സ്മാരകം നിർമ്മാണത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തി, പാലങ്ങൾക്ക് താഴെ ഉപയോഗിക്കാത്ത ഇടങ്ങൾ പുനർനിർമ്മിച്ച് വിനോദ പ്രവർത്തന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ നടന്നുവരുന്നതും ഇതിന്റെ ഭാഗമായി കൊല്ലത്ത് ആരംഭിച്ച പദ്ധതി അന്തിമ ഘട്ടത്തിലുമാണ്. അഡ്വഞ്ചർ ടൂറിസം, പൈതൃക ടൂറിസം എന്നിവയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതോടൊപ്പം ടൂറിസം കേന്ദ്രങ്ങൾ ആകർഷകമാക്കുന്നതിനായി ഒരു ഡിസൈൻ പോളിസി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. Special Assistance to States for Capital Investment (SASCI) സ്കീമിലുൾപ്പെടുത്തി 'Ashtamudi Biodiversity and Eco- Recreational Hub Kollam', കോഴിക്കോട് ജില്ലയിൽ 'Sargalaya- Global Gateway to Malabar Cultural Crucible' എന്നിവ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ടൂറിസംരംഗത്ത് നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുന്നതിനും നൂതന ടൂറിസം പദ്ധതികളിലൂടെ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനുമായി ടൂറിസം നിക്ഷേപക സംഗമം സംഘടിപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി, സമ്പദ്‌വ്യവസ്ഥ, പ്രാദേശിക സമൂഹം

എന്നിവയ്ക്ക് വിഘാതമാകാത്ത രീതിയിൽ ടൂറിസം ഡെസ്റ്റിനേഷനുകളിലെ സന്ദർശകരുടെ എണ്ണം നിയന്ത്രിക്കുന്നതാണ്. സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ നടപ്പിലാക്കിവരുന്ന വൈവിധ്യമാർന്ന പ്രവർത്തനങ്ങളുടെ ഫലമായി വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ടെന്നും 2024-ൽ റിക്കോർഡ് നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും ഫോർട്ടുകൊച്ചി, കുമരകം, കോവളം, മൂന്നാർ തുടങ്ങിയ വിനോദസഞ്ചാര മേഖലകളുടെ പത്ത് കിലോമീറ്റർ ചുറ്റളവിൽ കെ-ഹോംസ് പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതാണെന്നും ഗ്ലോബൽ വിമൻസ് കോൺഫറൻസിന്റെ തുടർപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതാണെന്നും കാലടി-മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട് യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

17(*92) <u>തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി പെൻഷൻ കുടിശിക</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, തനതു ഫണ്ടിൽനിന്നും പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിൽ 2024 ഡിസംബർവരെയുള്ള പെൻഷൻ വിതരണം

പൂർത്തിയായിട്ടുണ്ടെന്നും 2025 ജനുവരി മാസത്തെ തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ടെന്നും സർക്കാർ സഹായത്തോടെ സോഷ്യൽ സെക്യൂരിറ്റി ലിമിറ്റഡ് മുഖേന പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകളിൽ 2024 ഒക്ടോബർ വരെയുള്ള പെൻഷൻ വിതരണം പൂർത്തിയായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള പീടിക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ മുഖേന നൽകിവരുന്ന ആനുകൂല്യങ്ങളിൽ 2024 ഡിസംബർ മാസം വരെയുള്ള അപേക്ഷകൾ തീർപ്പാക്കുകയും മറ്റ് ക്ഷേമനിധി ബോർഡുകളിൽ കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നുള്ള അധിവർഷാനുകൂല്യം ഒഴികെയുള്ള ആനുകൂല്യങ്ങൾ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതിനും മറ്റ് ആനുകൂല്യങ്ങളുടെ വിതരണം കാലികമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ 2023 സെപ്റ്റംബർ മാസം വരെയുള്ള

പെൻഷനും 2024 മാർച്ച് 31 വരെയുള്ള മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്. ടി ബോർഡിന്റെ പ്രധാന വരുമാനമായ ബിൽഡിംഗ് സെസ്സ് പിരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതിനാൽ ബോർഡിന്റെ വരുമാനത്തിൽ കാലക്രമേണ വർധനവ് ഉണ്ടാകുകയും പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്യുന്ന അസംഘടിത-പരമ്പരാഗത തൊഴിൽ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന അംഗങ്ങൾ കുറഞ്ഞതും പെൻഷൻകാരുടെ എണ്ണത്തിൽ വർധനവുണ്ടായതും കൈത്തറി, കള്ള് ചെത്ത്, ഈറ്റ, കശുവണ്ടി, ബീഡി വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധിയും ബോർഡുകളുടെ വരുമാനത്തെ പ്രതികൂലമായി ബാധിച്ചതിനാൽ ഈ വിഭാഗം ക്ഷേമനിധി ബോർഡിലെ പെൻഷൻ സർക്കാർ ഏറ്റെടുത്ത് വിതരണം ചെയ്തുവരികയാണെന്നും ഇത്തരം ക്ഷേമനിധി ബോർഡുകളിലെ അംഗത്വ രജിസ്ട്രേഷൻ വർധിപ്പിക്കുന്നതിന് മേഖല ഓഫീസ് അടിസ്ഥാനത്തിൽ മെമ്പർഷിപ് ക്യാമ്പയിനുകൾ നടത്തിവരികയാണെന്നും മന്ത്രി അറിയിച്ചു. കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ

വ്യാജ അംഗത്വമുള്ളവരെ കണ്ടെത്തി ഒഴിവാക്കുന്നതിന് ജില്ലാതല സ്ക്വാഡ് രൂപീകരിച്ചതിനുപുറമെ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 150 കോടി രൂപയും ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 100 കോടിരൂപയും വായ്പയായി അനുവദിക്കുകയും സെസ് അദാലത്തുകൾ സംഘടിപ്പിച്ചതിന്റെ ഫലമായി 2023-24-ൽ 385.55 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ഭരണപരമായ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ക്ഷേമനിധി ബോർഡുകളെ ഏകോപിപ്പിക്കുന്നതിന് Advanced Information Interface System നടപ്പിലാക്കിയിട്ടുണ്ടെന്നും കാലാവസ്ഥാമാറ്റംമൂലം തൊഴിലാളികൾക്കുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുത്ത് തൊഴിൽ സമയം പുനഃക്രമീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

18(*93) <u>2009-ലെ വിദ്യാഭ്യാസ അവകാശ നിയമം</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 5, 8 ക്ലാസ്സുകളിൽ വാർഷിക പരീക്ഷ, പ്രൊമോഷൻ മാനദണ്ഡങ്ങൾ പാലിക്കാത്ത വിദ്യാർത്ഥികൾക്ക് പുന:പരീക്ഷ, പുനഃപരീക്ഷയിൽ പരാജയം സംഭവിച്ചാൽ അതേ ക്ലാസിൽ തുടർപഠനം എന്നീ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട്

2009-ലെ Right to Education (RTE) Act-ൽ കേന്ദ്രസർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ടെന്നും സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ പഠനശേഷി വർധിപ്പിക്കുന്നതിനും പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികളെ കണ്ടെത്തി പഠന പിന്തുണ ഉറപ്പാക്കുന്നതിനും ഇതിനോടകംതന്നെ സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതിനാൽ ടി നിയമ ഭേദഗതി സംസ്ഥാനത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുമെന്ന് കരുതുന്നില്ലെന്നും സഭയെ അറിയിച്ചു. അർധവാർഷിക മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ഒന്നുമുതൽ ഒൻപത് വരെയുള്ള ക്ലാസ്സുകളിൽ പഠന പിന്തുണ പരിപാടി നടപ്പാക്കിയിട്ടുണ്ട്. അർധവാർഷിക പരീക്ഷയിൽ ലഭിച്ച മാർക്ക് "സമ്പൂർണ്ണ പ്ലസ്"-ൽ അപ്‌ലോഡ് ചെയ്യുകയും ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ പഠനനില മനസ്സിലാക്കി പ്രഥമാധ്യാപകന്റെ നേതൃത്വത്തിൽ സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് യോഗങ്ങൾ ചേരുകയും കുട്ടികളുടെ പഠന പ്രയാസങ്ങൾ ക്രോഡീകരിച്ച് ആവശ്യമായ പഠനപിന്തുണാ പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ ഉദ്യോഗസ്ഥർ സ്കൂൾ പരിശോധന നടത്തി പഠനപിന്തുണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും കുട്ടികൾ, രക്ഷിതാക്കൾ എന്നിവരുടെ അഭിപ്രായം വിശകലനം ചെയ്ത് സ്കൂൾതല

യോഗങ്ങളിൽ അവതരിപ്പിക്കണമെന്ന് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ വികാസത്തിനനുസരിച്ച് അധ്യാപകരെ സജ്ജരാക്കുന്നതിന് അധ്യാപക പ്രൊഫഷണൽ വികാസ പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള 77 പോക്സോ കേസുകളിൽ 62 എണ്ണത്തിൽ തുടർനടപടികൾ നടന്നുവരുന്നുണ്ടെന്നും നടപടി സ്വീകരിക്കാത്തവയിൽ പുതുതായി അച്ചടക്കനടപടി ആരംഭിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും കുറ്റക്കാർക്കെതിരെ കർശന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

19 (*94) <u>സുസ്ഥിര വിനോദസഞ്ചാര മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ</u>

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, വിനോദസഞ്ചാര മേഖലയിൽ സുസ്ഥിര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതിലൂടെ കേരള ടൂറിസത്തിന് ടി.ഒ.എഫ് ടൈഗേർസിന്റെ സാങ്ച്വറി ഏഷ്യ അവാർഡ്, തെന്മല ഇക്കോടൂറിസത്തിന് PATA Gold

അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ടെന്നും "ഇക്കോടൂറിസത്തിന്റെ സുസ്ഥിര വികസനം: ചെറുകിട, ഇടത്തരം സംരംഭങ്ങളിലെ നല്ല സമ്പ്രദായങ്ങളുടെ സമാഹാരം" (sustainable development of ecotourism: a compilation of good practices in SMES) എന്ന യു.എൻ ഡ.ബ്ല്യു.ടി.ഒ (UNWTO) പ്രസിദ്ധീകരണത്തിൽ തെന്മല ഇക്കോടൂറിസം പദ്ധതി ഉൾപ്പെട്ടിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഡിസൈൻ പോളിസിക്ക് അനുസൃതമായും പരിസ്ഥിതിക്ക് അനുയോജ്യമായതുമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിയും വ്യത്യസ്തങ്ങളായ ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ നടപ്പിലാക്കിയും സ്ട്രീറ്റ് പദ്ധതിയിൽപ്പെടുത്തി വിവിധ സ്ട്രീറ്റുകൾ സജ്ജമാക്കിയും കൊല്ലം ബയോഡൈവേഴ്സിറ്റി സർക്യൂട്ട് വഴി പരിസ്ഥിതി സംരക്ഷണം, പരിസ്ഥിതി സൗഹാർദ്ദ ടൂറിസം എന്നിവ ലക്ഷ്യമിട്ടും സുസ്ഥിര വിനോദസഞ്ചാര മേഖലകളിൽ നിരവധി പദ്ധതികൾ സർക്കാർ നടപ്പാക്കിവരുന്നുണ്ട്. കെ.എഫ്.ഡി.സി./ തെന്മല ഇക്കോ ടൂറിസം പ്രമോഷൻ സൊസൈറ്റി/ വനം വകുപ്പ് സമർപ്പിക്കുന്നതും സംരക്ഷിത വനപ്രദേശം ഉൾപ്പെടുന്നതുമായ പദ്ധതികൾ വിനോദസഞ്ചാര വകുപ്പിന്റെ ഇക്കോടൂറിസം വിഭാഗം പരിശോധന നടത്തി സർക്കാർ അംഗീകാരത്തോടെയാണ് നടപ്പിലാക്കിവരുന്നത്.

ഇൻഡ്യയിലാദ്യമായി വിനോദസഞ്ചാര മേഖലയിൽ ഡിസൈൻ പോളിസി നടപ്പിലാക്കിയത് കേരളത്തിലാണെന്നും ഗ്രാമീണമേഖലയിലെ അറിയപ്പെടാത്ത സ്ഥലങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്ന ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിലൂടെ 40 കേന്ദ്രങ്ങൾ വികസിപ്പിച്ചിട്ടുണ്ടെന്നും ഫാം ടൂറിസവുമായി ബന്ധപ്പെട്ട് 952 സംരംഭകർക്ക് പരിശീലനം നൽകിയതിൽ 482 യൂണിറ്റുകൾ മികച്ച നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.